കാർഷിക സർവ്വകലാശാല, വെള്ളായണി കാർഷിക കോളേജ്, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിന്റെയും സുഭിക്ഷ കേരളം പദ്ധതിയുടെയും ഭാഗമായി ഭക്ഷ്യ സംസ്കരണ രംഗത്തേയ്ക്ക് കടക്കുവാനാഗ്രഹിക്കുന്ന തൊഴിലില്ലാത്ത യുവതീയുവാക്കൾക്കായി 'ഭക്ഷ്യ സംസ്കരണം - സംരഭകത്വ സാധ്യതകൾ' എന്ന പേരിൽ 10-08-2020 മുതൽ 15 ദിവസത്തെ ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിനും യുവതീയുവാക്കളെ ഭക്ഷ്യസംസ്കരണ രംഗത്തേയ്ക്ക് ചുവടുവെയ്ക്കാൻ സഹായിക്കുന്നതിനുമായാണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണം സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് സർവ്വകലാശാല വിദഗ്ധരുടെ മേൽനോട്ടത്തിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തനം ആരംഭിക്കുന്ന ടെക്നോ ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുവാനുള്ള അവസരം ലഭ്യമാക്കുന്നതാണ്.

താല്പര്യമുള്ളവർ http://coavellayani.kau.in/ എന്ന വെബ്സൈറ്റിൽ ലഭ്യമായ ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.